# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4680** **26.10.16** ലെ മറുപടി

### കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയിലെ ഉദ്യാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യാനം മലമ്പുഴ മോഡലിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി ഡിവിഷനിൽ ഉൾപ്പെടുന്ന ഉദ്യാനം മലമ്പുഴ മോഡലിൽ നവീകരിക്കുന്നതിനു വേണ്ട പ്രവൃത്തി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് നടത്താമെന്ന് ഡി.റ്റി.പി.സി. അറിയിച്ചിട്ടുണ്ട്. ആയതിന് അനുകൂല മറുപടി ഡി.റ്റി.പി.സി. ചെയർമാൻ കൂടിയായ പാലക്കാട് ജില്ലാ കളക്ടർക്ക് കാഞ്ഞിരപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുകയും തുടർന്ന് ഇറിഗേഷൻ വകുപ്പുമായി ചേർന്ന് ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച ആകാമെന്നും ആയതിന് ഡി.റ്റി.പി.സി. മുൻകൈ എടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) ഇതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത് അടിസ്ഥാനപ്പെടുത്തി, എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഇറിഗേഷൻ, ഡി.റ്റി.പി.സി വകുപ്പുകളെ ഏകോപിപ്പിച്ച് തുടർനടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ